Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

മാതിരപിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്സ് ഉൾപ്പെടുത്തി എൻ.എച്ച്. 85-ൽ മറ്റക്കഴി മുതൽ മൂന്നാർ വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കവേ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-9-2017-ലെ കത്ത് പ്രകാരം ഡി.പി.ആർ. പഠനം നിർത്തിവയ്ക്കാനും ഭാരത് മാല പദ്ധതിയിൽ ഉൾപ്പെട്ട എൻ.എച്ച്. 85 നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറാനുള്ള നിർദ്ദേശം ലഭിച്ചതിൻ പ്രകാരം ബന്ധപ്പെട്ട രേഖകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ SO 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറാൻ നിർദ്ദേശം ലഭിച്ച ദേശീയപാതകളുടെ പട്ടികയിൽ എൻ.എച്ച്. 85-ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികാരികൾ അറിയിച്ചിട്ടുണ്ട്. പദ്ധതി സ്റ്റാൻഡ് എലോൺ പ്രോജക്ടായി നടപ്പിലാക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ല.

നെറ്റ്‌വർക്ക് കവറേജ് സൗകര്യമൊരുക്കുന്നതിന് അനുമതി

14(2370) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ സേവന ദാതാക്കൾക്ക് റോഡിന്റെ വശങ്ങളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഇടുന്നതിനും പോളുകൾ സ്ഥാപിക്കുന്നതിനും മൺസൂൺ കാലത്ത് അനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ ഡിവൈഡ് ഒരു വലിയ വെല്ലുവിളിയായി നിലനിൽക്കുമ്പോൾ ദ്രുതഗതിയിലുള്ള നെറ്റ്‌വർക്ക് കവറേജ് സൗകര്യമൊരുക്കുന്നതിന് ഈ മൺസൂൺ കാലത്ത് ഇളവുകൾ അനുവദിക്കാമോ;

&

(സി) ആയതിന് മൊബൈൽ സേവന ദാതാക്കൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള അനുമതിപത്രങ്ങൾ സത്വരം നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ?

നിരത്തുവിഭാഗത്തിനുകീഴിലുള്ള റോഡുകൾ മഴക്കാലത്ത് കുഴിക്കുന്നതുമൂലം റോഡുകൾക്കുണ്ടാകുന്ന തകർച്ചയും തുടർന്നുള്ള അപകടസാധ്യതകളും കണക്കിലെടുത്ത് മൺസൂൺ കാലത്ത് മൊബൈൽ സേവന ദാതാക്കൾക്ക് റോഡിന്റെ വശങ്ങളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിളുകളിടുന്നതിനും പോളുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകുന്നില്ല. എന്നാൽ റോഡുകുഴിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ

സ്വീകരിച്ച് ഡിമാൻഡ് നോട്ടീസ് നൽകി പണം സ്വീകരിക്കുന്നതുൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഈ കാലയളവിലും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഫീൽഡ് തലത്തിൽ നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായാൽ മൺസൂൺ കാലം കഴിയുന്ന മുറയ്ക്കുതന്നെ മൊബൈൽ സേവനദാതാക്കൾക്ക് അവരുടെ പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം

15(2371) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ തിരുവെങ്കിടം റെയിൽവേ അടിപ്പാതയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം റെയിൽവേ നേരിട്ട് നടത്തുന്ന പ്രവൃത്തിയാണ്.

(ബി) ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

പദ്ധതിയുടെ നിർമ്മാണത്തിനായി 4-1-2021-ന് എഗ്രിമെന്റ് വച്ചിട്ടുണ്ട്. Design Build Transfer Mode-ൽ നടപ്പാക്കുന്ന ടി പദ്ധതിക്ക് മൂന്ന് മാസം ഡിസൈനുള്ള സമയമുൾപ്പെടെ 12 മാസമാണ് കാലാവധി. കരാറുകാരൻ സർവ്വേയും മണ്ണ് പരിശോധനയും പൂർത്തിയാക്കി Plan and Profile Drawing & General Arrangement Drawing ഐ.ഐ.ടി.-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർ.ഒ.ബി.-കളുടെ ടെസ്റ്റ് Pile പൂർത്തിയാക്കി ടെസ്റ്റിംഗ് ജോലികൾ നടന്നുവരുന്നു. ഫൗണ്ടേഷൻ വരെയുള്ള ഡിസൈനുകളും കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധനകൾ പൂർത്തിയാക്കി ആഗസ്റ്റ് ആദ്യവാരത്തോടെ പൈലിംഗ് ജോലികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണ സ്ഥലങ്ങളിലെ K.S.E.B.L, Water Authority, BSNL എന്നിവയുടെ കേബിളുകളും പൈപ്പുകളും മാറ്റുന്നതിനുള്ള നടപടികളും നടന്നുവരുന്നുണ്ട്. Utility shifting Estimate കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ

16(2372) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly